സാധു വായ്പ ലഭിച്ച കർഷകർക്ക് സഹായം

229 [282] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-83-ലെ വരൾച്ചക്കാലത്ത് കുരുമുളക് കൃഷിക്ക് നാശനഷ്ടങ്ങൾ സംഭവിച്ച കണ്ണൂർ ജില്ലയിലെ ഏരുവേട്ട, നെടിയങ്ങ, വെള്ളാട്, നടുവിൽ തുടങ്ങിയ വില്ലേജുകളിലെ സാധു വായ്പ ലഭിച്ച കർഷകർക്ക് സഹായം നൽകാനുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ;

(ബി) റിവോൾവിംഗ് ഫണ്ടിൽനിന്നും ഈ കൃഷിക്കാർക്കുകൂടി സഹായം ലഭിക്കത്തക്ക രീതിയിൽ ഗവൺമെൻറ് ഉത്തരവിന് മുൻകാല പ്രാബല്യം നൽകുമോ ?

ഉത്തരം

(എ) വരൾച്ച ദുരിതാശ്വാസ പദ്ധതിയിൻകീഴിൽ കുരുമുളക് കൃഷി പുനരുദ്ധാരണ പരിപാടികൾക്കായി 49,598 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കാർഷിക കടങ്ങൾ മടക്കി അടയ്ക്കുന്നതിനുള്ള കാലാവധി നീട്ടി കൊടുക്കുകയും, പുതിയ വായ്പ ആവശ്യമുള്ള കർഷകർക്ക് അപേക്ഷിക്കുവാനുള്ള അവസരവും നൽകിയിട്ടുണ്ട്.

(ബി) 1984 ഏപ്രിൽ മാസത്തിൽ പ്രാബല്യത്തിൽ വന്ന ദുരിതാശ്വാസ സഹായ നിയമങ്ങൾക്ക് മുൻകാല പ്രാബല്യം നൽകാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്.

നാളികേര വിലയിടിവുമൂലമുണ്ടായ നഷ്ടം

230 [284] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നാളികേര വിലയിടിവുമൂലം 1986 സെപ്റ്റംബർ 30 വരെ കഴിഞ്ഞ മൂന്നുവർഷമായി സംസ്ഥാനത്തിനുണ്ടായ മൊത്തം നഷ്ടമെത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സർക്കാർ തലത്തിൽ കണക്കാക്കപ്പെട്ടിട്ടില്ല.

നാളികേര കർഷകർക്ക് സഹായം

231 [285] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേര കർഷകർക്ക് ഓപ്പറേഷൻ ഫ്ളഡ് പരിപാടിയുടെ മാതൃകയിൽ സഹായം നൽകാൻ ഈ ഗവൺമെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly